ബുദ്ധക്ഷേത്രത്തിന്റെ ശാപമോക്ഷം

കിഴക്കനേഷ്യൻ പ്രദേശങ്ങളിൽ ഭാരതീയ സംസ്കാരം പ്രാചീനകാലത്തു വിപുലമായി വ്യാപിച്ചു വളർന്നു വികസിച്ചതിന്റെ തെളിവുകൾ, കടന്നുപോയ കാലത്തിനും മായ്ചുകളയുവാൻ കഴിഞ്ഞിട്ടില്ല. ബർമ്മ, മലയ, ജാവ, കംബോഡിയ, വിയററ്നാം, സയാം തുടങ്ങിയ നാടുകളിൽ ഇവ ഇന്നും പ്രത്യേകിച്ചു പ്രത്യക്ഷമാണ്. ഹൈന്ദവ സംസ്കാരം അവിടങ്ങളിൽ പ്രതിഷ്ഠിച്ച പ്രാഭവത്തിന്റെ ചരിത്രം, ആധികാരിക ഗ്രന്ഥങ്ങളിൽപോലും അർഹിക്കുന്നതോതിൽ അനാവരണം ചെയ്തിട്ടില്ല. മനുഷ്യരാശിയുടെ പൈതൃകത്തിന്റെ ഭാഗമെന്നു പരിഗണിക്കപ്പെടുന്ന പ്രാചീനാവശിഷ്ടങ്ങളും സങ്കേതങ്ങളും മററും സംരക്ഷിക്കുന്നതിനുള്ള ഒരു മഹത്തായ പദ്ധതി, യുനെസ്കോയുടെ ആഭിമുഖ്യത്തിലുണ്ട്.

ലോകശ്രദ്ധയ്ക്കു വിധേയമായിത്തീർന്നിട്ടുള്ള വിസ്മയകരമായ ചരിത്രാവശിഷ്ടങ്ങളിലൊന്നാണ് മധ്യജാവയിലെ ബൊറോബുദൂർ ബുദ്ധക്ഷേത്രം. ഇൻഡോനേഷ്യൻ സർക്കാർ യുനെസ്കോയുടെ സഹകരണത്തോടെ ഈ മഹാക്ഷേത്രസങ്കേതം പുനർനിർമാണം ചെയ്തു കഴിഞ്ഞിരിക്കുന്നു.

ബ്രിട്ടീഷുകാരുടെ അധീനത്തിൽ ജാവ അമർന്നിരുന്ന കാലത്തു ഗവർണറായിരുന്ന സർ സ്ററാംഫോർഡ് റാഫ്ലേസ് 1814-ൽ ഈ സങ്കേതം സന്ദർശിക്കുകയുണ്ടായി. വിസ്മയനീയമായ രൂപഭാവങ്ങളുള്ള ഇവിടത്തെ ചരിത്രാവശിഷ്ടങ്ങൾ അദ്ദേഹത്തെ അദ്ഭുതപരതന്ത്രനാക്കി.

(ഇടയ്ക്കു മറെറാരു കാര്യം പറയട്ടെ: ലോകത്തിലെ ഏററവും വലുപ്പമുള്ള പുഷ്പം ബോർണിയോ, ജാവ തുടങ്ങിയ ദ്വീപുകളിലെ കാനനങ്ങളിൽ കുരുത്തു വളരുന്ന ഒരു പരോപസസ്യത്തിന്റേതാണ്. അത് ആദ്യമായി

കോന്നിയൂർ

ആർ. നരേന്ദ്രനാഥ്

കണ്ടെത്തിയ പാശ്ചാത്യൻ ഇദ്ദേഹംതന്നെയാണ്! ഈ പരോപ സസ്യത്തിന്റെ പേര് ഈ സായിപ്പിന്റെ സ്മരണയിലാണുള്ളത്—അതായത് റാഫ്ലേസിയ. അങ്ങനെയും ഈ ഗവർണർ ഇന്നും സ്മരണീയനായി തുടരുന്നു.)

വള്ളിച്ചെടികളും കാട്ടുമരങ്ങളും കടന്നു കയറി കാടുപിടിച്ചുകിടന്നിരുന്ന ക്ഷേത്രസങ്കേതം, തെളിച്ച് കാത്തുസൂക്ഷിക്കേണ്ടതാണെന്ന് അദ്ദേഹം ഉത്തരവിട്ടു. ഈ ചരിത്രാവശിഷ്ടങ്ങൾ പരിരക്ഷിക്കാനും പഠിക്കാനുമുണ്ടായ ആദ്യത്തെ മനഃപൂർവമായ ശ്രമത്തിന്റെ പ്രാരംഭം ഇതായിരുന്നു.

കാലം കടന്നുപോയി.

വെള്ളം ഇറങ്ങി അടിസ്ഥാനം താണും കൽഭിത്തികളും മററും പൊളിഞ്ഞും ക്ഷേത്രത്തിന്റെ പ്രധാന ഭാഗങ്ങൾ നശിക്കാനാരംഭിച്ചു. പടരാൻ തരവും തക്കവും നോക്കിക്കിടന്നിരുന്ന മഴക്കാട്, ക്ഷേത്രസങ്കേതങ്ങളിൽ കടന്നുകയറി പൊതിഞ്ഞു. ആരോരുമില്ലാതെ അവഗണനയിലാണ്ടുപോയ പുണ്യസ്ഥലം മോചനം പ്രതീക്ഷിച്ചു കഴിഞ്ഞുകൂടി. പുരാവസ്തുക്കളിൽ കള്ളക്കടത്തു നടത്തുന്നവരും പൗരാണിക ശില്പങ്ങൾ ശേഖരിക്കുന്നവരും, അവിടെനിന്നു നീക്കംചെയ്തിട്ടുള്ള വിഭവങ്ങൾക്കു കണക്കില്ല. ക്ഷേത്രസങ്കേതത്തിൽ വിവിധ സ്ഥാനങ്ങളിൽ പ്രതിഷ്ഠിച്ചിരുന്ന കലാമൂല്യമധികമുള്ള ഇരുനൂറോളം ബുദ്ധവിഗ്രഹങ്ങളുടെ ശിരസ്സുകൾ, വിദേശങ്ങളിലെ പുരാവസ്തുശേഖരങ്ങളിലും, വണിക്കുകളുടെ ഗൂഢഭണ്ഡാരങ്ങളിലും എത്തിയിട്ടുണ്ടെന്നാണ് കണക്കാക്കിവരുന്നത്!

ഈ മഹാക്ഷേത്രാവശിഷ്ടം സംരക്ഷിക്കാനും പുനർനിർമിക്കാനും ഇൻഡോനേഷ്യൻ സർക്കാർ തീരുമാനിച്ചു. അവിടത്തെ സാംസ്കാരിക വകുപ്പിന്റെ അടങ്കൽ തുകയിൽ 1972-ൽ ഇതിലേക്കാവശ്യമായ തുകയുടെ ഒരു പങ്ക് ഉൾപ്പെടുത്തി. യുനെസ്ക്കോയും ഈ മഹത്തായ പ്രവർത്തനത്തിനു സഹായഹസ്തം നൽകി.




ബൊറോബുദൂർ ക്ഷേത്ര പുനർനിർമാണ വേലയിൽ വേർപെടുത്തിവച്ച ഒരു ബുദ്ധവിഗ്രഹം.

ഭാരതമടക്കം ഇരുപത്തിയേഴു രാജ്യങ്ങൾ ഈ സദുദ്യമത്തിനു ധനസഹായം നൽകിയിട്ടുണ്ട്. പുനർനിർമാണം പൂർത്തിയാക്കി ക്ഷേത്രത്തിന്റെ ഔപചാരികമായ ഉദ്ഘാടനം, ഇൻഡോനേഷ്യൻ പ്രസിഡൻറ് ഇക്കഴിഞ്ഞ ഫെബ്രുവരി 23-ാം തീയതി നിർവഹിച്ചു.

ഏതാണ്ട് ആയിരം വർഷങ്ങൾക്കു മുമ്പ്, ശൈലേന്ദ്ര സാമ്രാജ്യത്തിലെ ഭരണാധിപതികൾ നിർമിച്ച ഈ പ്രചീന സങ്കേതം, പഴയ പ്രൗഢി വീണ്ടെടുത്ത് ഒരു മഹാദ്ഭുതമായി മധ്യജാവയിൽ ഇന്നു വിരാജിക്കുന്നു. 2508 ചതുരശ്ര മീററർ ഭിത്തി ശില്പങ്ങളും 504 ബുദ്ധവിഗ്രഹങ്ങളും അവിടെ കൊത്തിവച്ചിട്ടുണ്ട്. പുതുക്കുപണി പൂർത്തീകരിക്കാൻ ചെലവായ ഇരുപതു ദശലക്ഷത്തിൽ, അന്യരാജ്യങ്ങളുടെ സംഭാവന, ആറര ദശലക്ഷം ഡോളറാണ്. ഉച്ചാവച (ഭിത്തി) ശില്പങ്ങളധികവും ബുദ്ധദേവന്റെ ജീവിതസംബന്ധികളായ സംഭവങ്ങൾ ചിത്രീകരിക്കുന്നു—കാമധാതുവിൽ തുടങ്ങി രൂപധാതുവിലൂടെ അരൂപധാതുവിലേക്കുള്ള പരിണാമത്തിന്റെ ചിത്രീകരണം.

ജീവിതത്തിന്റെ അർഥവും യാഥാർഥ്യവുമെന്തെന്നറിയാനുള്ള നിരന്തരമായ അന്വേഷണം എല്ലാക്കാലത്തും മനുഷ്യൻ നടത്തിയിട്ടുണ്ട്. ധീരസാഹസികമായ ആ പരിശ്രമങ്ങളുടെ ഭാവരൂപങ്ങൾ പ്രകടിപ്പിക്കുവാൻ ചരിത്രാവശിഷ്ടങ്ങൾ ധാരാളം മതി. ഈ തപസ്യയുടെ നിർലോപമായ ലക്ഷണങ്ങൾ ബൊറോബുദൂർ ക്ഷേത്രാവശിഷ്ടങ്ങൾ പ്രസരിപ്പിക്കുന്നുണ്ട്. വരും തലമുറകൾക്ക് ശക്തിയും പ്രചോദനവും നല്കുവാൻ ഇത് ഉതകുന്നു.



ക്ഷേത്ര പുനർനിർമാണം കഴിയാറായപ്പോൾ



ക്ഷേത്ര ഭിത്തിയിലെ ശില്പമാതൃകയ്ക്ക് ഒരുദാഹരണം. ഇത്തരം 2508 ച.മീററർ ശില്പങ്ങൾ ഇന്നിവിടെയുണ്ട്.

...ധുര ഗാനം

...രഹിത മണൽപ്പരപ്പിലുള്ള ശീഘ്ര നടത്തം, ഉപരിതലകര ചലനം, ആഴത്തിലുള്ള ദണ്ഡു പതിപ്പിക്കൽ തുടങ്ങിയ പ്രക്രിയകളിലൂടെ ഉപരിതല മണൽത്തരികൾക്കു സ്ഥാനഭ്രംശം സംഭവിക്കുന്നു. ഇത് മണൽത്തരികൾക്കു "സ്പന്ദനശക്തി" പ്രദാനം ചെയ്യും. സ്പന്ദനശേഷിയുള്ള ഏതൊരു വസ്തുവും ശബ്ദത്തിന്റെ ഉറവിടമായി വർത്തിക്കുന്നു.

കൃത്യ ഇടവേളകളിൽ ആവർത്തിക്കപ്പെടുന്ന നാദധാരയാണല്ലോ സംഗീതം. താളാത്മകമായ നടത്തത്തിൽ നിന്നു ഉടലെടുക്കുന്ന ക്രമമായ സ്പന്ദനകേന്ദ്രങ്ങൾ ഉദ്ഭൂതമാക്കുന്ന ശബ്ദം താളാത്മകമായ സംഗീതമായി തോന്നും. ആ ശബ്ദമാണു മണൽത്തരികൾ ഗാനമാലപിക്കുന്നില്ലേ എന്ന തോന്നലിന്നാധാരം.

ജോർജ്ജ് ജോൺ

(ജിയോസയൻറിസ്ററ്, എണ്ണ പ്രകൃതിവാതക കമ്മീഷൻ, ജോർഹട്ട്)